# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.431

## 29-11-2018 ൽ മറുപടിക്ക്

## കിഫ്ബി വഴി സമാഹരിച്ച തുക

| ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി പുന:സംഘടിപ്പിച്ചശേഷം നാളിതുവരെ ഓരോ ഇനത്തിലും എത്ര തുക സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | കിഫ്ബി പുന:സംഘടിപ്പിച്ചശേഷം നാളിതുവരെ (2018 നവംബർ 22 വരെ) 5258.384 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) പ്രവാസി നിക്ഷേപമായും ചിട്ടി വഴിയും എത്ര തുക സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്; ഇത് ഈയിനത്തിൽ പ്രതീക്ഷിച്ച തുകയുടെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ; | 23.11.2018 ൽ ആരംഭിച്ച കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടി വഴിയല്ലാതെ പ്രവാസി നിക്ഷേപമായി കിഫ്ബി നേരിട്ട് നാളിതുവരെ തുകയൊന്നും സമാഹരിച്ചിട്ടില്ല. പ്രവാസി ചിട്ടി വഴി കിഫ്ബിയിൽ ലഭ്യമായ തുക 77,20,000/- രൂപയാണ്. പ്രവാസി ചിട്ടിക്ക് പ്രവാസികളിൽ നിന്നും നല്ല പ്രതികരണമാണ് ലഭിച്ച് കൊണ്ടിരിക്കുന്നത്. പ്രവാസി ചിട്ടി വഴി ഏകദേശം 5000 കോടി രൂപയാണ് സമാഹരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇതുവരെ പ്രഖ്യാപിച്ച 79 ചിട്ടികളിൽ 52 എണ്ണത്തിൽ ചിറ്റാൾമാർ തികഞ്ഞു കഴിഞ്ഞു. പൂർണ്ണ തോതിൽ ചിട്ടികൾ ആരംഭിക്കുന്നതോടെ പ്രഖ്യാപിത ലക്ഷ്യത്തിലേക്ക് എത്തിച്ചേരാനാവുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) പെട്രോൾ, ഡീസൽ സെസ് ഒഴികെ കിഫ്ബിയിൽ സമാഹരിച്ച തുക ആകെ സമാഹരിച്ച തുകയുടെ എത്രശതമാനമാണെന്ന് വ്യക്തമാക്കുമോ? | പെട്രോൾ, ഡീസൽ സെസ് ഒഴികെ കിഫ്ബിയിൽ സമാഹരിച്ച തുക ആകെ സമാഹരിച്ച തുകയുടെ 77.9% വരും. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

## കിഫ്ബി സമാഹരിച്ച തുക ( തുക ₹ കോടിയിൽ)

| സമാഹരണം | 2015-16 | 2016-17 | 2017-18 | 2018-19 | ആകെ |
|---|---|---|---|---|---|
| കോർപ്പസ് ഫണ്ട് | 873.855 | 1624.567 | - | - | 2498.422 |
| മോട്ടോർ വാഹന നികുതിയിൽ നിന്നുള്ള വിഹിതം (2018 നവംബർ 22 വരെ) | - | 281.43 | 621.45 | 594.45 | 1497.33 |
| പെട്രോൾ/ഡീസൽ സെസിൽ നിന്നുള്ള വരുമാനം (2018 നവംബർ 22 വരെ) | - | 448.1 | 421.19 | 291.77 | 1161.06 |
| നബാർഡ് ലോൺ | - | - | 100.8 | - | 100.8 |
| KSFE ക്ക് വേണ്ടി രൂപകൽപന ചെയ്ത ബോണ്ട് വഴിയുള്ള സമാഹരണം | - | - | - | 0.772 | .0.772 |
| ആകെ | | | | | 5258.384 |

സെക്ഷൻ ഓഫീസർ